പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 368 **23-06-2026-ൽ മറുപടിയ്ക്ക്**

<u>സംസ്ഥാനത്തുണ്ടായ ആത്മഹത്യകൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ 10 വർഷം സംസ്ഥാനത്തുണ്ടായ ആത്മഹത്യകളുടെ എണ്ണം വർഷം തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ;

<u>മറുപടി:</u> 2016 മുതൽ 15.06.2026 വരെ സംസ്ഥാനത്ത് 96809 ആത്മഹത്യകൾ നടന്നിട്ടുണ്ട്. ആയതിന്റെ വർഷവും ജില്ലയും തിരിച്ച് വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷം ആത്മഹത്യ ചെയ്ത പുരുഷന്മാർ,സ്ത്രീകൾ,ട്രാൻസ് ജെൻഡർമാർ എന്നിവരുടെ എണ്ണം, 18 വയസ്സിൽ താഴെയുള്ളവർ, 18നും 30 നും ഇടയിൽ പ്രായമുള്ളവർ, 30നും 50 നും ഇടയിൽ പ്രായമുള്ളവർ, 50 വയസ്സിനു മുകളിൽ പ്രായമുള്ളവർ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ;

<u>മറുപടി:</u> 2016 മുതൽ 15.06.2026 വരെ സംസ്ഥാനത്ത് 75689 പുരുഷന്മാരും, 21109 സ്ത്രീകളും, 11 ട്രാൻസ്ജെൻഡറും ആത്മഹത്യ ചെയ്തിട്ടുള്ളതും, അതിൽ 3072 പേർ 18 വയസ്സിന് താഴെയുള്ളവരും, 16604 പേർ 18-നും 30-നും ഇടയിൽ പ്രായമുള്ളവരും, 30547 പേർ 30-നും 50-നും ഇടയിൽ പ്രായമുള്ളവരും, 46586 പേർ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരുമാണ്.. ആയതിന്റെ തരം തിരിച്ചുള്ള വിവരം അനുബന്ധം 2ആയി ചേർക്കുന്നു.

(സി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷക്കാലയളവിൽ ആത്മഹത്യ ചെയ്തവരുടെ എണ്ണം അവർ ഏർപ്പെട്ടിരുന്ന തൊഴിൽമേഖല തിരിച്ചു ലഭ്യമാക്കാമോ;

<u>മറുപടി:</u> വിശദാംശങ്ങൾ അനുബന്ധം-3ആയി ചേർക്കുന്നു.

(ഡി) ആത്മഹത്യകൾ തടയുന്നതിന് കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സർക്കാർ സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയായിരുന്നു എന്നും അതിലൂടെ ആത്മഹത്യ നിരക്ക് നിയന്ത്രിക്കാൻ സാധിച്ചിരുന്നുവോ എന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> ആത്മഹത്യകൾ പ്രതിരോധിക്കുന്നതിനും ആത്മഹത്യകൾ തടയുന്നതിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുമായി നിരവധി പദ്ധതികളും ബോധവത്ക്കരണ പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനമായും കൗൺസിലിംഗ്, അടിയന്തര സഹായം, കമ്മ്യൂണിറ്റി പോലീസ് സംവിധാനം. 'ചിരി' പ്രോജക്ട് ജനമൈത്രി പോലീസിന്റെ ഇടപെടലുകൾ,

സൈബർ സെല്ലിന്റെ നിരീക്ഷണം എന്നിവയിലൂടെയാണ് ഈ രംഗത്ത് ഇടപെട്ടു വരുന്നത്. ഇതിലൂടെ ആത്മഹത്യ നിരക്ക് നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

(ഇ) ആത്മഹത്യകൾ തടയുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങൾ പുതുതായി സ്വീകരിക്കുമെന്ന് അറിയിക്കാമോ;

<u>മറുപടി:</u> അനുയോജ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്

(എഫ്) കഴിഞ്ഞ 10 വർഷക്കാലയളവിൽ മാതാപിതാക്കൾ ആത്മഹത്യ ചെയ്തത് മൂലം അനാഥരായ 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം എത്രയാണ് എന്ന് ജില്ല തിരിച്ച ലഭ്യമാക്കാമോ;

<u>മറുപടി:</u> 2016 മുതൽ 15.06.2026 വരെ മാതാപിതാക്കൾ ആത്മഹത്യ ചെയ്തത് മൂലം 18 വയസ്സിന് താഴെയുള്ള പതിനെട്ട് കുട്ടികൾ അനാഥരായിട്ടുള്ളതാണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-4 ആയി ചേർക്കുന്നു.

(ജി) മാതാപിതാക്കൾ ആത്മഹത്യ ചെയ്തത് മൂലം അനാഥരായ പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കഴിഞ്ഞ 10 വർഷക്കാലയളവിൽ സർക്കാർ നൽകിയിട്ടുള്ള സഹായവും പിന്തുണയും എന്തെല്ലാമായിരുന്നു എന്നും അതിന്റെ ഗുണഭോക്താക്കൾ എത്ര പേരായിരുന്നു എന്നും ജില്ല തിരിച്ച് അറിയിക്കാമോ?

<u>മറുപടി:</u> വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം-1

2016 മുതൽ 15.06.2026 വരെ സംസ്ഥാനത്തുണ്ടായ ആത്മഹത്യകളുടെ എണ്ണം വർഷം ,ജില്ല തിരിച്ചുള്ള വിവരം											
ജില്ല	2016	2017	2018	2019	2020	2021	2022	2023	2024	2025	2026 (15.06 വരെ)
തിരുവനന്തപുരം സിറ്റി	304	297	280	326	313	342	360	298	404	377	180
തിരുവനന്തപുരം റൂറൽ	853	926	951	993	943	1072	1127	1201	1156	1108	533
കൊല്ലം സിറ്റി	379	414	393	457	488	487	472	539	572	554	227
കൊല്ലം റൂറൽ	422	548	464	516	511	581	689	669	698	680	312
പത്തനംതിട്ട	507	429	492	524	510	626	631	729	748	705	295
ആലപ്പുഴ	194	223	241	317	298	331	386	405	362	395	193
കോട്ടയം	348	319	376	379	349	400	433	506	426	427	196
ഇടുക്കി	403	408	484	416	438	487	415	591	573	564	236
എറണാകുളം സിറ്റി	228	236	179	222	285	304	347	337	370	337	137
എറണാകുളം റൂറൽ	474	514	537	530	540	623	640	670	719	714	330
തൃശ്ശൂർ സിറ്റി	357	362	356	418	394	445	490	502	505	494	210
തൃശ്ശൂർ റൂറൽ	441	418	431	418	446	437	519	557	560	550	249
പാലക്കാട്	732	679	792	780	734	915	873	937	902	899	350
മലപ്പുറം	379	338	432	384	424	535	554	515	533	555	278
കോഴിക്കോട് സിറ്റി	193	243	253	258	243	228	284	351	306	306	146
കോഴിക്കോട് റൂറൽ	269	254	366	367	347	420	446	536	502	475	244

<table>
<tr><td>വയനാട്</td><td>288</td><td>250</td><td>241</td><td>280</td><td>281</td><td>320</td><td>316</td><td>306</td><td>302</td><td>244</td><td>106</td></tr>
<tr><td>കണ്ണൂർ സിറ്റി</td><td rowspan="2">541</td><td rowspan="2">597</td><td rowspan="2">629</td><td rowspan="2">652</td><td rowspan="2">608</td><td>378</td><td>406</td><td>416</td><td>407</td><td>401</td><td>181</td></tr>
<tr><td>കണ്ണൂർ റൂറൽ</td><td>298</td><td>352</td><td>416</td><td>407</td><td>326</td><td>165</td></tr>
<tr><td>കാസറഗോഡ്</td><td>281</td><td>256</td><td>268</td><td>216</td><td>294</td><td>295</td><td>319</td><td>315</td><td>335</td><td>363</td><td>169</td></tr>
<tr><td>റെയിൽവേ</td><td>5</td><td>8</td><td>8</td><td>6</td><td>3</td><td>3</td><td>7</td><td>11</td><td>4</td><td>6</td><td>2</td></tr>
</table>

അനുബന്ധം-2

2016 മുതൽ 15.06.2026 വരെ ആത്മഹത്യ ചെയ്ത പുരുഷന്മാർ,സ്ത്രീകൾ, ട്രാൻസ്ജെൻഡർമാർ എന്നിവരുടെ എണ്ണവും, ആത്മഹത്യ ചെയ്തവരിൽ 18 വയസ്സിൽ താഴെയുള്ളവർ 18 നും 30 നും ഇടയിൽ പ്രായമുള്ളവർ, 30 നും 50 ഇടയിൽ പ്രായമുള്ളവർ, 50 വയസ്സിന് മുകളിൽ പ്രായമുള്ളവർ എന്നിവരുടെയും വിവരം.

വർഷം	പുരുഷന്മാർ				സ്ത്രീകൾ				ട്രാൻസ്ജെൻഡർമാർ			
	18 വയസ്സിൽ താഴെയുള്ളവർ	18 നും 30 നും ഇടയിൽ പ്രായമുള്ളവർ	30 നും 50 ഇടയിൽ പ്രായമുള്ളവർ	50 വയസ്സിന് മുകളിൽ പ്രായമുള്ളവർ	18 വയസ്സിൽ താഴെയുള്ളവർ	18 നും 30 നും ഇടയിൽ പ്രായമുള്ളവർ	30 നും 50 ഇടയിൽ പ്രായമുള്ളവർ	50 വയസ്സിന് മുകളിൽ പ്രായമുള്ളവർ	18 വയസ്സിൽ താഴെയുള്ളവർ	18 നും 30 നും ഇടയിൽ പ്രായമുള്ളവർ	30 നും 50 ഇടയിൽ പ്രായമുള്ളവർ	50 വയസ്സിന് മുകളിൽ പ്രായമുള്ളവർ
2016	103	987	2123	2536	129	412	522	786	0	0	0	0
2017	120	892	2039	2782	147	471	488	780	0	0	0	0
2018	118	971	2236	2913	119	502	565	749	0	0	0	0
2019	128	1022	2296	3044	148	448	556	817	0	0	0	0
2020	143	1040	2131	3139	166	465	446	919	0	0	0	0
2021	158	1210	2392	3640	175	489	462	995	0	4	2	0
2022	130	1190	2531	4065	157	436	495	1060	0	2	1	0
2023	127	1302	2743	4450	156	425	524	1080	0	0	0	0
2024	176	1271	2840	4458	149	473	480	943	0	0	1	0
2025	170	1293	2632	4250	196	453	431	1054	0	1	0	0
2026 (15.06.2026 വരെ)	86	641	1428	1743	71	204	183	383	0	0	0	0

അനുബന്ധം-3

2016 മുതൽ 15.06.2026 വരെ ആത്മഹത്യ ചെയ്തവരുടെ എണ്ണവും അവരുടെ തൊഴിൽ മേഖലയുടെ വിവരവും

വർഷം	ആത്മഹത്യ ചെയ്തവരുടെ എണ്ണം	ആത്മഹത്യ ചെയ്തവരുടെ തൊഴിൽ മേഖലയുടെ വിവരം					
		സർക്കാർ ജീവനക്കാർ	പ്രൈവറ്റ് ജീവനക്കാർ	കർഷകർ	ദിവസ വേതനക്കാർ	വിദ്യാർത്ഥി / വിദ്യാർത്ഥിനികൾ	മറ്റുള്ളവർ
2016	7598	107	879	0	3187	274	3151
2017	7719	101	762	1	3033	340	3482
2018	8173	118	876	1	3255	332	3591
2019	8459	80	979	0	3229	359	3812
2020	8449	86	1112	0	3275	439	3537
2021	9527	86	1348	0	4009	433	3651
2022	10067	97	1429	2	4143	395	4001
2023	10807	99	1571	1	4473	389	4274
2024	10791	127	1391	1	4625	490	4157
2025	10480	121	1197	0	4912	492	3758
2026 (15.06.2026 വരെ)	4739	45	592	0	2290	207	1605

അനുബന്ധം -4

2016 മുതൽ 15.06.2026 വരെ മാതാപിതാക്കളെ ആത്മഹത്യ ചെയ്തത് മൂലം അനാഥരായ 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം											
ജില്ല	മാതാപിതാക്കൾ ആത്മഹത്യ ചെയ്തത് മൂലം അനാഥരായ (18 വയസ്സിൽ താഴെയുള്ള) കുട്ടികളുടെ എണ്ണം										
	2016	2017	2018	2019	2020	2021	2022	2023	2024	2025	2026 (15.06.2026 വരെ)
തിരുവനന്തപുരം റൂറൽ	0	0	1	0	1	0	0	1	0	0	0
കൊല്ലം റൂറൽ	0	0	0	0	0	0	0	0	2	0	0
ആലപ്പുഴ	0	0	0	0	0	2	1	0	0	0	0
പത്തനംതിട്ട	0	0	0	0	0	0	0	1	0	0	0
ഇടുക്കി	0	0	0	0	0	0	0	2	0	0	0
എറണാകുളം റൂറൽ	0	0	0	0	0	0	0	0	2	0	0
തൃശ്ശൂർ സിറ്റി	0	2	0	0	0	0	0	2	0	0	0
കണ്ണൂർ റൂറൽ	0	1	0	0	0	0	0	0	0	0	0